# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

മാർച്ച് 18

**March 18**

**2020**

**1195 മീനം 5 ബുധൻ**

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

---

**കള്ളുഷാപ്പ് വിൽപ്പന**

ജില്ലയിലെ കള്ളുഷാപ്പുകളുടെ വിൽപ്പന ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഈ മാസം 23,24 തീയതികളിൽ രാവിലെ 11ന് പത്തനംതിട്ട എക്സൈസ് ഡിവിഷൻ ഓഫീസിൽ നടത്താനിരുന്നത് പത്തനംതിട്ട റോയൽ ഓഡിറ്റോറിയത്തിലേക്ക് മാറ്റിയതായി ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ അറിയിച്ചു. ഫോൺ: 0468 2222873. (പിഎൻപി 1227/20)

**തൊഴിൽ രഹിതവേതന ഗുണഭോക്താക്കൾ ഹാജരാകണം**

പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽരഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കളിൽ ബാങ്ക് പാസ്ബുക്കും ആധാർ കാർഡും ഹാജരാക്കിയിട്ടുള്ളവർ ഈ മാസം 20,21 തീയതികളിൽ അസൽ രേഖകളുമായി ഹാജരാകണമെന്ന് സെക്രട്ടറി അറിയിച്ചു.

(പിഎൻപി 1228/20)

**മിലിട്ടറി കാന്റീൻ സെയിൽ നിർത്തിവച്ചു**

കോവിഡ് 19 വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ തിരുവനന്തപുരം, കൊല്ലം, കൊട്ടാരക്കര, മാവേലിക്കര, പത്തനംതിട്ട മിലിറ്ററി കാന്റീനുകളിൽ ഈ മാസം 31 വരെ സെയിൽ ഉ ായിരിക്കുന്നതല്ല. (പിഎൻപി 1229/20)

**ഗുണനിലവാരമുള്ള ഹാൻഡ് സാനിറ്റൈസറുകൾ വിപണനം നടത്തണം**

വ്യാപാരികൾ ഗുണനിലവാരമുള്ള സാനിറ്റൈസറുകൾ മാത്രം വിപണനം നടത്തണമെന്ന് ഡ്രഗ്സ് ഇൻസ്പെക്ടർ ആർ.രാജീവ് അറിയിച്ചു. വിപണനം ചെയ്യുന്ന ഹാൻഡ് സാനിറ്റൈസറുകൾ നിയമപ്രകാരമുള്ള ലൈസൻസ് പ്രകാരം നിർമിച്ചതാണെന്നും നിശ്ചിത ഗുണനിലവാരം പുലർത്തുന്നതാണെന്നും ഉറപ്പുവരുത്തണം. ഗുണനിലവാരമില്ലാത്ത ഹാൻഡ് സാനിറ്റൈസറുകൾ ഉപയോഗിക്കുന്നത് രോഗാണുക്കൾ വ്യാപിക്കുന്നതിന് കാരണമാകും.

എല്ലാ ഹാൻഡ് സാനിറ്റൈസറിന്റെ ലേബലിലും സാനിറ്റൈസറിന്റെ പേര്, ലൈസൻസ് നമ്പർ, ബാച്ച് നമ്പർ, നിർമാണ തീയതി, എക്സ്പയറി ഡേറ്റ്, നിർമാതാവിന്റെ പേര്, അഡ്രസ് എന്നിവ ഉ ായിരിക്കണം. വാങ്ങുന്ന ബില്ലിലും വിൽക്കുന്ന ബില്ലിലും ഈ വിവരങ്ങൾ രേഖപ്പെടുത്തണമെന്നും ഡ്രഗ്സ് ഇൻസ്പെക്ടർ അറിയിച്ചു. (പിഎൻപി 1230/20)

## കോവിഡ് 19:
## മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് അടിയന്തര സഹായങ്ങൾക്ക് 9188297118, 9188294118 വിളിക്കാം

മറ്റു സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നതും പഠിക്കുന്നതുമായ പത്തനംതിട്ട ജില്ലക്കാർക്ക് കോവിഡ് 19 നിരീക്ഷണവുമായി ബന്ധപ്പെട്ട അടിയന്തര സഹായങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കുമായി 9188297118, 9188294118 എന്നീ നമ്പരുകളിൽ ബന്ധപ്പെടാമെന്ന് ജില്ലാ കളക്ടർ പി.ബി.നൂഹ് അറിയിച്ചു. കളക്ടറേറ്റിൽ പ്രത്യേകം തുടങ്ങിയ കോൾ സെന്ററാണിത്. 24 മണിക്കൂറും സേവനം ലഭിക്കും.

(പിഎൻപി 1231/20)

## സെമിനാർ മാറ്റി

കോവിഡിന്റെ പശ്ചാത്തലത്തിൽ നിയമസഭയുടെ സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസിന്റെയും കേരള സ്റ്റേറ്റ് ഫോർമർ എം.എൽ.എ ഫോറത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ 20ന് നിയമസഭാ സമുച്ചയത്തിലെ ബാങ്ക്വറ്റ് ഹാളിൽ 'ഇന്ത്യൻ ഭരണഘടനയും ജനാധിപത്യവും' എന്ന വിഷയത്തിൽ നടത്തുവാനിരുന്ന സെമിനാർ മാറ്റി.

(പിഎൻപി 1232/20)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

.

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

**മാർച്ച് 18**

**March 18**

**2020**

**1195 മീനം 5 ബുധൻ**

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657


---

**ക്വട്ടേഷൻ**

ജില്ലാ പഞ്ചായത്ത് ജില്ലാ മണ്ണ് സംരക്ഷണ ഓഫീസ് മുഖേന നടപ്പാക്കുന്ന കാരിമല എസ്.സി കോളനി, കലതിവിള കാവരിക്കുന്ന് എസ്.സി കോളനി പദ്ധതികൾക്ക് ക്വട്ടേഷൻ ക്ഷണിച്ചു. ഈ മാസം 24ന് ഉച്ചയ്ക്ക് ശേഷം ര ് വരെ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസിൽ ക്വട്ടേഷൻ സ്വീകരിക്കും. ഫോൺ: 0468 2224070. (പിഎൻപി 1233/20)

**ഡാറ്റാ എൻട്രി ഓപ്പറേറ്റർ ഒഴിവ്**

റാന്നി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിലും റാന്നി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിലുമുള്ള സഹായ കേന്ദ്രങ്ങളിലേക്ക് ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലേക്ക് പട്ടികവർഗക്കാരായ യുവതീയുവാക്കളെ തെരഞ്ഞെടുക്കുന്നു. പ്രതിമാസം 10000 രൂപ ഹോണറേറിയം ലഭിക്കും. ര ് ഒഴിവുകളു ്. ഡി.സി.എ/തത്തുല്യ യോഗ്യതയും മലയാളം, ഇംഗ്ലീഷ് ടൈപ്പ്റൈറ്റിങ്ങ് പരിജ്ഞാനവും ഉ ായിരിക്കണം. താത്പര്യമുള്ളവർ ഈ മാസം 26ന് രാവിലെ 11ന് റാന്നി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിൽ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ സഹിതം ഇന്റർവ്യൂവിന് ഹാജരാകണം. ഫോൺ: 9496070336, 04735-227703. (പിഎൻപി 1234/20)

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓൺലൈൻ സേവനം പ്രയോജനപ്പെടുത്തണം**

വിവിധ ആവശ്യങ്ങൾക്ക് തൊഴിലന്വേഷകർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ എത്തുന്നത് പരിമിതപ്പെടുത്തി ഓൺലൈൻ സേവനം പ്രയോജനപ്പെടുത്തി കൊറോണ രോഗവ്യാപന പ്രതിരോധത്തിൽ പങ്കാളികളാകണമെന്ന് എംപ്ലോയ്മെന്റ് ഡയറക്ടർ അറിയിച്ചു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും നൽകുന്ന രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് അഡീഷൻ തുടങ്ങിയ എല്ലാ സേവനങ്ങളും www.eemployment.kerala.gov.in എന്ന

വെബ്സൈറ്റ് വഴി നടത്താം. 2020 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ രജിസ്ട്രേഷൻ പുതുക്കേ വർക്ക് ഗ്രേസ് പീരീഡ് ഉൾപ്പെടെ മാർച്ച്, ഏപ്രിൽ മാസം വരെ സാധാരണ ഗതിയിൽ പുതുക്കാം. എന്നാൽ നിലവിലെ സാഹചര്യം പരിഗണിച്ച് ഇത് മെയ് 31 വരെ അനുവദിക്കും. ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഫോൺ മുഖേന ബന്ധപ്പെട്ടും രജിസ്ട്രേഷൻ പുതുക്കാം. രജിസ്ട്രേഷൻ, സർട്ടിഫിക്കറ്റ് ചേർക്കൽ, തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് ചേർക്കൽ എന്നിവയും ഓൺലൈനായി നടത്താം. അസൽ സർട്ടിഫിക്കറ്റുകൾ 90 ദിവസത്തിനകം അതത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരാക്കി വെരിഫൈ ചെയ്താൽ മതിയാകും. 2020 മാർച്ച് ഒന്ന് മുതൽ 2020 മെയ് 29 വരെയുള്ള തീയതിയിൽ 90 ദിവസം പൂർത്തിയാകുന്ന ഉദ്യോഗാർഥികൾ മെയ് 30 വരെ ഇതിന് അവസരം ലഭിക്കും.

(പിഎൻപി 1235/20)




.

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| മാർച്ച് 18<br>March 18 | 2020 |
| --- | --- |

**1195 മീനം 5 ബുധൻ**

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**കോവിഡ് 19:**

**കൊറോണ പ്രതിരോധപ്രവർത്തനങ്ങൾക്ക് പൂർണ്ണപിന്തുണയുമായി മാർത്തോമ്മ മെത്രാപ്പൊലീത്ത**

കൊറോണ പ്രതിരോധപ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാരിന് പൂർണ്ണപിന്തുണയുമായി മലങ്കര മാർത്തോമ സുറിയാനി സഭ പരമാധ്യക്ഷൻ ഡോ.ജോസഫ് മാർത്തോമ്മ മെത്രാപ്പൊലീത്ത. കോവിഡ് 19 നിയന്ത്രണവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്തുനടത്തിയ വീഡിയോ കോൺഫറൻസിൽ പങ്കെടുത്തശേഷം പത്തനംതിട്ട കളക്ടറേറ്റിലാണു സഭയുടെ നിലപാട് മെത്രാപ്പൊലീത്ത വ്യക്തമാക്കിയത്.

മാർച്ച് 31 വരെ പള്ളികളിൽ പരമാവധി 15 പേർ പങ്കെടുക്കുന്നതിനാണ് സഭ അനുവാദം നൽകിയിരിക്കുന്നത്. സംസ്കാര ശുശ്രൂഷകൾക്ക് കുടുംബാംഗങ്ങൾ മാത്രം പങ്കെടുത്താൽ മതിയെന്നും അറിയിച്ചിട്ടു ്. രോഗലക്ഷണങ്ങൾ ഉള്ള വ്യക്തികൾ ശുശ്രൂഷകളിൽ പങ്കെടുക്കുന്നില്ലെന്ന് ഉറപ്പുവരുത്തും. കുർബാന, പള്ളി കൂദാശകൾ, ഇടവക സംഘയോഗങ്ങൾ, നോമ്പുപ്രാർഥന ഉൾപ്പെടെയുള്ള മറ്റു കൂദാശകളും യോഗങ്ങളും മാർച്ച് 31 വരെ നടത്തുന്നില്ല. സ്കൂൾ, കോളജ്, മന്ദിരങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലെ വാർഷിക യോഗങ്ങൾ, യാത്രയയപ്പ് യോഗങ്ങൾ, പൊതുപരിപാടികൾ, വിനോദയാത്രകൾ എന്നിവ ഈസ്റ്റർ വരെ മാറ്റിവയ്ക്കും.

സന്ദർശകരെ ഒഴിവാക്കിയതായും കത്തിലൂടെയും ഫോണിലൂടെയുമാണ് മറ്റുള്ളവരോട് സംസാരിക്കുന്നതെന്നും ഇതിലൂടെ കൊറോണ വൈറസ്ബാധ തടയുന്നതിന് ഒരു പരിധിവരെ സാധി

ക്കുമെന്നും മെത്രാപ്പൊലീത്ത പറഞ്ഞു. കൊറോണവൈറസ് ബാധ തടയുന്നതിനു സംസ്ഥാന സർക്കാരും ജില്ലാഭരണകൂടവും സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികളോട് എല്ലാവരും സഹകരിക്കുകയും ജാഗ്രത പുലർത്തുകയും ചെയ്യണമെന്നും ഹസ്തദാനം ഉൾപ്പെടെയുള്ള സാമൂഹികാചാരക്രമങ്ങളും ഭവന സന്ദർശനങ്ങളും സാമൂഹിക സന്ദർശനങ്ങളും ഒഴിവാക്കണമെന്നും അദ്ദേഹം നിർദേശിച്ചു. കൊറോണ വൈറസ് പ്രതിരോധ പ്രവർത്തനങ്ങളിൽ സംസ്ഥാന സർക്കാരിന് അഭിനന്ദനം അറിയിക്കുന്നതായും മലങ്കര മാർത്തോമ സുറിയാനി സഭ പരമാധ്യക്ഷൻ ഡോ.ജോസഫ് മാർത്തോമ്മ മെത്രാപ്പൊലീത്ത പറഞ്ഞു.

ജില്ലാ കളക്ടർ പി.ബി നൂഹ്, തിരുവല്ല സബ് കളക്ടർ ഡോ. വിനയ് ഗോയൽ, ദുരന്തനിവാരണ ഡെപ്യൂട്ടി കളക്ടർ ഗ്രിഗറി കെ.ഫിലിപ്പ്, വി.പി.എം.എസ് ജനറൽ സെക്രട്ടറി അഡ്വ.പി.എസ് പ്രസാദ്, മാർത്തോമ്മ മെത്രാപ്പൊലീത്തയുടെ സെക്രട്ടറി റവ. ഷിജോയ് എബ്രഹാം സക്കറിയ, സമത്വ കേരള ജംഇയത്തുൽ ഉലം പ്രതിനിധി എം. മുഹമ്മദ് സാലി, ഐ.പി.സി സിയോ പ്രതിനിധി ജിജി ചാക്കോ, കുമ്പനാട് ഐ.പി.സി ജനറൽ സെക്രട്ടറി സാം ജോർജ്, പി.ആർ.ഡി.എസ് ജോയിന്റ് സെക്രട്ടറി കെ.ടി വിജയൻ തുടങ്ങിയവരും വീഡിയോ കോഫറൻസിൽ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: വിസി:-***

കോവിഡ് 19 നിയന്ത്രണവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നടത്തിയ വീഡിയോ കോഫറൻസിൽ പങ്കെടുക്കുന്ന മലങ്കര മാർത്തോമ സുറിയാനി സഭ പരമാധ്യക്ഷൻ ഡോ.ജോസഫ് മാർത്തോമ്മ മെത്രാപ്പൊലീത്ത, ജില്ലാ കളക്ടർ പി.ബി നൂഹ് തുടങ്ങിയവർ.

(പിഎൻപി 1236/20)






## വീടുകളിൽ നിരീക്ഷണത്തിലുള്ളവർക്ക് അവശ്യസാധനങ്ങൾ എത്തിച്ച് ഗ്രാമപഞ്ചായത്തുകൾ

ജില്ലയിൽ കൊറോണ ആദ്യം സ്ഥിരീകരിച്ച റാന്നി മേഖല ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾ വൈറസ് നിയന്ത്രണത്തിന്റെ ഭാഗമായി നിരീക്ഷണത്തിലുള്ളവർക്ക് അവർ ആവശ്യപ്പെടുന്നതിന് അനുസരിച്ച് ഭക്ഷണസാധനങ്ങളും അവശ്യവസ്തുകളും കുടിവെള്ളം ഉൾപ്പെടെ എത്തിച്ചു നൽകുന്നു. വിദേശ രാജ്യങ്ങളിൽ നിന്നെത്തിയവരും വീടുകളിൽ ഐസലേഷനിൽ കഴിയുന്നു ന്ന് വാർഡ്തലത്തിൽത്തന്നെ ഉറപ്പുവരുത്തുന്നു.

### റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത്

പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ നിലവിൽ 190 പേരാണ് കൊറോണ മുൻകരുതലിന്റെ ഭാഗമായി വീടുകളിൽ നിരീക്ഷണത്തിലുള്ളത്. ഇതിൽ 80 പേർ പ്രൈമറി കോൺടാക്ടിൽ ഉൾപ്പെട്ട

നിരീക്ഷണത്തിലാണ്. നിരീക്ഷണത്തിൽ കഴിയുന്നവർക്ക് അവർ ആവശ്യപ്പെടുന്നത് അനുസരിച്ച് ഗ്രാമപഞ്ചായത്ത് എത്തിച്ചുകൊടുക്കുന്നതായി പ്രസിഡന്റ് ജോസഫ് കുരിയാക്കോസ് പറഞ്ഞു. ഗ്രാമപഞ്ചായത്തിന്റെയും ആരോഗ്യവകുപ്പിന്റെയും നേതൃത്വത്തിൽ കൊറോണ മുൻകരുതലിന്റെ ഭാഗമായി കർമ്മ പരിപാടികളുമായി മുന്നോട്ടുപോകുന്നതായും അദേഹം പറഞ്ഞു.

**അങ്ങാടി ഗ്രാമപഞ്ചായത്ത്**

കൊറോണ മുൻകരുതലിന്റെ ഭാഗമായി 46 കുടുംബങ്ങളിലായി 134 പേരാണു അങ്ങാടി ഗ്രാമപഞ്ചായത്തിൽ വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നത്. ഇതിൽ 20 പേർ പ്രൈമറി കോൺടാക്ട് പട്ടികയിൽ ഉൾപ്പെട്ടവരാണ്. വിദേശ രാജ്യങ്ങളിൽ നിന്നെത്തിയ 24 പേരാണ് 18 കുടുംബങ്ങളിലായി നിരീക്ഷണത്തിലുള്ളത്. ഗ്രാമപഞ്ചായത്ത് ഭക്ഷണവും അവശ്യസാധനങ്ങളും നിരീക്ഷണത്തിലുള്ളവരുടെ ആവശ്യപ്രകാരം എത്തിച്ചു നൽകുന്നു. ഇന്നലെ (മാർച്ച് 18) നിരീക്ഷണത്തിൽ കഴിയുന്ന 15 കുടുംബങ്ങൾക്ക് അവശ്യസാധനങ്ങൾ എത്തിച്ചു നൽകി.

**റാന്നി ഗ്രാമപഞ്ചായത്ത്**

കൊറോണ മുൻകരുതലിന്റെ ഭാഗമായി റാന്നി ഗ്രാമപഞ്ചായത്തിൽ 37 പേരാണ് വീടുകളിൽ നിരീക്ഷണത്തിലുള്ളത്. ഇതിൽ 9 പേർ പ്രൈമറി ലിസ്റ്റിൽ ഉൾപ്പെട്ടവരാണ്. ഭക്ഷണസാധനങ്ങൾ അടങ്ങിയ കിറ്റാണ് പ്രധാനമായും നിരീക്ഷണത്തിലുള്ളവർക്ക് എത്തിച്ചു കൊടുക്കുന്നത്. ആവശ്യപ്പെട്ടതനുസരിച്ച് ഇന്നലെ (മാർച്ച് 18) പത്ത് കുടുംബങ്ങൾക്ക് കിറ്റ് വിതരണം ചെയ്തു. വാർഡ് തലത്തിൽ മീറ്റിംഗുകൾ നടത്തി പ്രതിരോധപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിവരുന്നു.

**റാന്നി- പെരുന്നാട് ഗ്രാമപഞ്ചായത്ത്**

അഞ്ചു കുടുംബങ്ങളിലായി 27 കുടുംബങ്ങളാണു ഗ്രാമപഞ്ചായത്തിൽ വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നത്. ഇതിൽ ഒമ്പതുപേർ പ്രൈമറി കോൺടാക്ടും 18 പേർ സെക്കന്ഡറി കോൺടാക്ടുമാണ്. നിലവിൽ മൂന്നു കുടുംബങ്ങളാണ് അവശ്യ സാധനങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളത്. ഈ കുടുംബങ്ങൾക്ക് ഭക്ഷണസാധനങ്ങളും കുടിവെള്ളം തുടങ്ങിയവ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ എത്തിച്ചു നൽകുന്നതായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബീനാ സജി പറഞ്ഞു.

**വടശേരിക്കര ഗ്രാമപഞ്ചായത്ത്**

ഗ്രാമപഞ്ചായത്തിൽ 99 പേരാണ് വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നത്. ഭക്ഷണം അവശ്യമായമായവർക്ക് വീടുകളിൽ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ എത്തിച്ചു നൽകുന്നു. നിരീക്ഷണത്തിൽ ഉള്ളവർ താമസിക്കുന്നിടങ്ങളിൽ കുടിവെള്ള വിതരണം ഉറപ്പാക്കിയിട്ടു ്.

**ചിറ്റാർ ഗ്രാമപഞ്ചായത്ത്**

കൊറോണ മുൻകരുതലിന്റെ ഭാഗമായി നിരീക്ഷണത്തിലുള്ളവർക്ക് ചിറ്റാർ ഗ്രാമപഞ്ചായത്ത് അവശ്യ സാധനങ്ങൾ ആവശ്യപ്പെടുന്നത് അനുസരിച്ച് എത്തിച്ചു നൽകുന്നു. വീടുകളിൽ നിരീക്ഷണത്തിലുള്ള മൂന്നു കുടുംബങ്ങളാണു ഭക്ഷണ സാധനങ്ങൾ വേണമെന്ന് അറിയിച്ചത്. ഇവർക്ക് ഇവ എത്തിച്ചു

നൽകി. പഞ്ചായത്തിൽ വിദേശ രാജ്യങ്ങളിൽ നിന്നെത്തിയ 64 പേരാണ് ഇപ്പോൾ വീടുകളിൽ 14 ദിവസത്തേക്കു നിരീക്ഷണത്തിൽ കഴിയുന്നത്.

**നാറാണംമൂഴി ഗ്രാമപഞ്ചായത്ത്**

ഗ്രാമപഞ്ചായത്തിൽ 16 പേരാണു വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നത്. നിരീക്ഷണത്തിലിരിക്കുന്നവരുടെ അവശ്യാനുസരണം ഗ്രാമപഞ്ചായത്ത് വേ സേവനങ്ങൾ ലഭ്യമാക്കുന്നതായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മോഹൻരാജ് ജേക്കബ് പറഞ്ഞു.

(പിഎൻപി 1237/20)






.

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| മാർച്ച് 18<br>**March 18** | **2020** |
|---|---|

**1195 മീനം 5 ബുധൻ**

# പത്രക്കുറിപ്പ് -4

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

---

**ശബരിമല മാസപൂജയ്ക്ക് എത്തിയ**
**7554 തീർഥാടകരെ സ്ക്രീനിംഗ് നടത്തി**

കോവിഡ് 19 മുൻകരുതലിന്റെ ഭാഗമായി പമ്പയിൽ 7554 തീർഥാടകരെ മാസപൂജ കാലയളവിൽ സ്ക്രീനിംഗ് നടത്തി. ഇതിൽ പനി ലക്ഷണങ്ങൾ കാണിച്ച ര ുപേരെ ആശുപത്രിയിൽ വിദഗ്ധ പരിശോധനയ്ക്ക് അയച്ചിരുന്നു. കോവിഡ് 19 ലക്ഷണങ്ങളില്ലാത്തതിനാൽ ഇവരെ പിന്നീട് നാട്ടിലേക്ക് അയച്ചു. കോവിഡ് 19 മുൻകരുതലിന്റെ ഭാഗമായി പമ്പയിൽ ബോഡി ഇൻഫ്രാറെഡ് തെർമോ മീറ്റർ ഉപയോഗിച്ചാണ് ആരോഗ്യവകുപ്പ് പരിശോധന നടത്തിയത്.

(പിഎൻപി 1238/20)

**സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ ഉ ാകില്ല**

സാങ്കേതിക കാരണങ്ങളാൽ നാളെ(മാർച്ച് 20) നോർക്ക റൂട്ട്സിന്റെ എറണാകുളം മേഖല ഓഫീസിൽ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ ഉ ായിരിക്കുന്നതല്ലെന്ന് സെന്റർ മാനേജർ അറിയിച്ചു.